# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1725

10.03.2020 ൽ
മറുപടി നൽകേണ്ടിയിരുന്നത്

## പോലീസ് വകുപ്പിൽ വാഹനങ്ങൾ വാങ്ങിയ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് വകുപ്പിൽ വെടിയുണ്ട പ്രതിരോധ വാഹനങ്ങൾ വാങ്ങുന്നതിന് ഈ സർക്കാർ ഭരണാനുമതി നൽകിയിരുന്നോ; എങ്കിൽ ഏതൊക്കെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഭരണാനുമതി നൽകിയതെന്ന് അറിയിക്കുമോ; | എ) MoPF പദ്ധതിയുടെ ഭാഗമായി ബുള്ളറ്റ് പ്രൂഫ് വാഹനം വാങ്ങാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഹൈപവർ കമ്മിറ്റി നൽകിയ അനുമതിയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയത്. |
| ബി) പ്രസ്തുത ഭരണാനുമതിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഹിന്ദുസ്ഥാൻ മോട്ടോർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും മിറ്റ് സുബുഷി പജേറോ വാഹനം വാങ്ങിയിരുന്നോ; | ബി) വെടിയുണ്ട പ്രതിരോധ വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നത് അതീവ സുരക്ഷ ആവശ്യമുള്ള ഓപ്പറേഷണൽ പർപ്പസ് ഡ്യൂട്ടികൾക്കാണ്. ആ സാഹചര്യം കണക്കിലെടുത്ത് സുരക്ഷാവാഹനങ്ങൾ സിംഗിൾ ടെൻഡർ വഴി വാങ്ങുന്ന രീതി പോലീസ് വകുപ്പ് സ്വീകരിക്കാറുണ്ട്. |
| സി) ഈ വാഹനം വാങ്ങുന്നതിന് മുൻകൂർ വില നൽകിയിരുന്നോ; എങ്കിൽ എന്ത് തുക; അതിന് സർക്കാരിന്റെ അനുമതി തേടിയിരുന്നോ; | സി) Modification വരുത്തുന്നതിന് സ്റ്റോർ പർച്ചേയ്സ് റൂൾ 12.16 പ്രകാരം സ്വകാര്യ കമ്പനികൾക്ക് മൊത്തം തുകയുടെ 30% വും സർക്കാർ കമ്പനികൾക്ക് 40% വും അഡ്വാൻസ് നൽകാവുന്നതാണ്. അതനുസരിച്ചുള്ള നടപടി സംസ്ഥാന പോലീസ് മേധാവി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) പ്രസ്തുത വാഹനങ്ങൾ വാങ്ങുന്നതിന് സംസ്ഥാന പോലീസ് ചീഫ് തീരുമാനമെടുത്തത് മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണോ; അല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ; | ഡി) അതെ. |

| | |
|---|---|
| ഇ) സ്റ്റോർ പർച്ചേയ്സ് മാനുവലിലെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രസ്തുത വാഹനം വാങ്ങിക്കുന്നതിന് തീരുമാനിച്ചതിന്റെ കാരണം പോലീസ് ചീഫ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | ഇ) വെടിയുണ്ട പ്രതിരോധ വാഹനങ്ങൾ, വാഹനം മുമ്പ് വാങ്ങിയ കീഴ് വഴക്കത്തിനും നിബന്ധനകൾക്കും വിരുദ്ധമായി സംസ്ഥാന പോലീസ് മേധാവി വാഹനം വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ